# തിരുവിതാംകൂർ ദേവസ്വം ബോർഡ്

culturaldirectortdb@gmail.com

നം.46/26/സിഎ 2

ഡയറക്ടറാഫീസ്,
സാംസ്കാരിക-പുരാവസ്തു വകുപ്പ്
തിരുവനന്തപുരം 20.04.2026

## ക്വട്ടേഷൻ നോട്ടീസ്

(Board ROC 11601/13/CA dated 17.04.2026)

തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസ്സിൽ സൂക്ഷിച്ചിട്ടുള്ള പേപ്പർ കട്ടിംഗ് വേസ്റ്റ്, റാപ്പർ, കാർഡ് ബോർഡ് തുടങ്ങിയവ നീക്കം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു കൊള്ളുന്നു.

ഓരോ ഐറ്റത്തിനും കിലോഗ്രാം ഒന്നിന് നിരക്ക് രേഖപ്പെടുത്തി സീൽ ചെയ്ത ക്വട്ടേഷനുകൾ **29.04.2026 ഉച്ചക്ക് 2** മണിക്ക് മുമ്പായി ഡയറക്ടർ, സാംസ്കാരിക-പുരാവസ്തു വിഭാഗം, തിരുവിതാംകൂർ ദേവസ്വം ബോർഡ്, നന്തൻകോട്, തിരുവനന്തപുരം-695003 എന്ന വിലാസത്തിൽ ലഭിച്ചിരിക്കണം. ക്വട്ടേഷനുകൾ അന്നേ ദിവസം **2.30 PM-**ന് ഹാജരുള്ള ക്വട്ടേഷണർമാരുടെ സാന്നിധ്യത്തിൽ പരിശോധിക്കുന്നതാണ്. ക്വട്ടേഷനോടൊപ്പം 5000/- രൂപയുടെ നിരതദ്രവ്യം ക്യാഷ് ആയോ സാംസ്കാരിക-പുരാവസ്തു വിഭാഗം ഡയറക്ടറുടെ പേരിൽ ഡി.ഡി ആയോ ഹാജരാക്കേണ്ടതാണ്.

പേപ്പർ കട്ടിംഗ് വേസ്റ്റിന്റെയും റാപ്പറിന്റെയും കാർഡ് ബോർഡിന്റെയും പരമാവധി തുക ക്വാട്ട് ചെയ്ത ആളിന്റെ പേരിൽ കുത്തക അംഗീകരി-ക്കുന്നതിന് ബോർഡിലേക്ക് ശിപാർശ ചെയ്യുന്നതാണ്. ക്വട്ടേഷൻ ബോർഡിൽ നിന്നും അംഗീകരിച്ച് വരുന്ന മുറയ്ക്ക് 200/- രൂപ മുദ്രപത്രത്തിൽ ഉടമ്പടി വച്ച് കരാറിൽ ഏർപ്പെടുന്നതാണ്. ടി ഐറ്റങ്ങൾ കുമിഞ്ഞ് കൂടുന്നതനുസരിച്ച് എടുത്തു മാറ്റുന്നതിന് ഈ ആഫീസിൽ നിന്നും നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ക്വട്ടേഷനറുടെ ചുമതലയിൽ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ തൂക്കി എടുത്ത് പണമടച്ച് ബോധ്യപ്പെട്ട് സ്വന്തം ഉത്തരവാദിത്വത്തിൽ നീക്കം ചെയ്യേണ്ടതാണ്. പേപ്പർ കട്ടിംഗ് വേസ്റ്റ്, റാപ്പർ, കാർഡ് ബോർഡ് ഇവ യഥാക്രമം ഒന്നിച്ച് മാറ്റി സ്ഥലം ഒഴിവാക്കുന്നതിനുള്ള ബാധ്യത കരാറു-കാരനിൽ നിക്ഷിപ്തമാണ്. യാതൊരു കാരണവശാലും റാപ്പർ വേസ്റ്റ്, കാർഡ് ബോർഡ് എന്നിവ ബാക്കിയിട്ട് കട്ടിംഗ് വേസ്റ്റ് മാത്രം കൊണ്ടുപോകാൻ അനുവദിക്കുന്നതല്ല.

വേസ്റ്റ് നീക്കം ചെയ്യുന്നതിന് ഈ ആഫീസിൽ നിന്നും നിർദ്ദേശം ലഭിച്ച ശേഷം യഥാക്രമം വേസ്റ്റ് മാറ്റിയില്ലെങ്കിൽ താമസം വരുന്ന ഓരോ ദിവസത്തിനും 100/- രൂപ പിഴ ഈടാക്കുന്നതാണ്. ടി ഐറ്റങ്ങൾ നീക്കം ചെയ്യാതെ നശിച്ചു പോയാൽ തന്മൂലമുണ്ടാകുന്ന നഷ്ടത്തിന് കരാറുകാരൻ മാത്രം ഉത്തരവാദിയായിരിക്കുന്നതാണ്.

ക്വട്ടേഷൻ സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനും ഡിപ്പാർട്ട്മെന്റിന് അവകാശം ഉണ്ടായിരിക്കുന്നതാണ്.

ഡയറക്ടർ
സാംസ്കാരിക-പുരാവസ്തു വിഭാഗം
തിരുവനന്തപുരം